# മഞ്ചാടി



അനുഗ്രഹ് ഷീജ

ഗവ . എൽ . പി . എസ് . കൊല്ലായിൽ

# ആമുഖം

ഞാൻ അനുഗ്രഹ്ഷീജ . ഗവ . എൽ . പി . എസ് . കൊല്ലായിൽ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഞാൻ എഴുതിയ കുട്ടികവിതകളും കുറിപ്പുകളുമാണ് ഇതിനുള്ളിൽ .



# അമ്പിളിമാമൻ



മാനത്തൊരു അമ്പിളിമാമൻ
രാത്രിയിലെത്തും അമ്പിളിമാമൻ
രാവിലെ മറയും അമ്പിളിമാമൻ
കണ്ണുചിമ്മും അമ്പിളിമാമൻ

# <u>മഴ</u>



**മഴ മഴ മഴ മഴ പെയ്യുന്നു**
**മുറ്റം നിറയെ മഴവെള്ളം**
**തോട്ടും പുഴയും നിറയുന്നു**
**കിണറുകളെല്ലാം കവിയുന്നു**
**അമ്പിളിമാമൻ ഓടിയൊളിച്ചു**

# മഴക്കാലം

തോരാത്ത മഴ. മുറ്റം നിറയെ മഴവെള്ളം . തോടുകൾ കരകവിഞ്ഞു.പുഴകളിൽ നിറയെ വെള്ളം. മാനം കറുത്തിരുണ്ടു . മരങ്ങൾ കടപുഴകി വീണു .



# <u>മാവ്</u>



ഞാൻ  മാവ്. എന്റെ പഴമാണ് മാമ്പഴം.

മാമ്പഴം നല്ല മധുരമാണ്. മാമ്പഴം പലതരമുണ്ട്.

പഴുത്തമാവില കൊണ്ട് പല്ല് തേയ്ക്കാം.

എല്ലാ വീട്ടിലും എന്നെ കാണാം.

പച്ച മാങ്ങയും നല്ല രുചിയാണ്.

# മാമ്പഴം



**മാവിലുണ്ട് മാമ്പഴം**

**മധുരമുള്ള മാമ്പഴം**

**തേന്നൂറും മാമ്പഴം**

**എന്തു നല്ല മാമ്പഴം**

# എന്റെ ഗ്രാമം



മനോഹരമായ ഗ്രാമം . ധാരാളം മരങ്ങൾ .

പാട്ടുപാടിയൊഴുകുന്ന പുഴകളും തോടുകളും.

ചന്തമുള്ള പൂക്കൾ നിറഞ്ഞുനിൽക്കുന്ന കാടുകളുമുണ്ട്.

നിരനിരയായി വീടുകളുമുണ്ട്. മേയുന്ന കന്നുകാലികൾ.

വരിവരിയായി നിൽക്കുന്ന മലകളുമുണ്ട്. പച്ചവിരിച്ച നെൽപ്പാടങ്ങൾ.

എന്റെ ഗ്രാമം മനോഹരം.

# ഇലപ്പാട്ട്

ഇലയിലയിലയില ആമ്പലില
ഇലയിലയിലയില വാഴയില
ഇലയിലയിലയില റോസയില
ഇലയിലയിലയില പാലയില
ഇലയിലയിലയില താമരയില
ഇലയിലയിലയില സൂര്യകാന്തിയില
ഇലയിലയിലയില കറിവേപ്പില
ഇലയിലയിലയില പ്ലാവില
ഇലയിലയിലയില പേരയില
ഇലയിലയിലയില തേക്കില
ഇലയിലയിലയില മാവില
ഇലയിലയിലയില തുളസിയില



# വാഴ

ഞാൻ വാഴ . കേരളത്തിൽ ധാരാളമായി നിങ്ങൾക്ക് എന്നെ കാണാം .

വാഴക്കുമ്പ് വച്ച് നിങ്ങൾക്ക് ധാരാളം കറികൾ ഉണ്ടാക്കാം.

വാഴ ഇലയിൽ ഊണ് കഴിക്കാം പൊതിയുകയും ചെയ്യാം.

കാ വച്ച് നിങ്ങൾക്ക് പല കറികളും ഉണ്ടാക്കാം. എന്റെ പഴം നിങ്ങൾക്ക് കഴിക്കാം.

